# അക്കാദമിക മാസ്റ്റർ പ്ലാൻ

**2025 - 2026**

## സെന്റ്. ജോർജ് യു.പി.എസ്. വാഴത്തോപ്പ്.

### ഉപജില്ല - അറക്കുളം

### റവന്യൂ ജില്ല - ഇടുക്കി

# ആമുഖം

ഇടുക്കി ജില്ലയിലെ കുടിയേറ്റ പ്രദേശമായ വാഴത്തോപ്പ് പഞ്ചായത്തിൽ കുടിയേറ്റ കർഷകരുടെ മക്കളുടെ അടിസ്ഥാന വിദ്യാഭ്യാസ സൗകര്യക്കുറവ് പരിഹരിക്കുന്നതിനായി 1968 ൽ കോതമംഗലം രൂപത വിദ്യാഭ്യാസ ഏജൻസിയുടെ കീഴിൽ **വാഴത്തോപ്പ്** **സെന്റ്. ജോർജ് യു.പി.എസ്** സ്ഥാപിതമായി. ഇപ്പോൾ ഇടുക്കി രൂപത വിദ്യാഭ്യാസ ഏജൻസിയുടെ കീഴിൽ ഈ സ്ഥാപനം പ്രവർത്തിക്കുന്നു. അഞ്ചു മുതൽ ഏഴ് വരെയുള്ള ക്ലാസുകളിൽ ആയി 361 കുട്ടികൾ ഈ സ്കൂളിൽ പഠനം നടത്തി വരുന്നു.

മലയാളം ഇംഗ്ലീഷ് ഡിവിഷനുകളിലായി ഓരോ ക്ലാസിലും നാല് ഡിവിഷനുകൾ പ്രവർത്തിക്കുന്നു. 17 അധ്യാപകരും ഒരു അനധ്യാപകനും ജോലി ചെയ്യുന്ന ഈ സ്ഥാപനത്തിൽ അറബി , സംസ്കൃതം എന്നീ വിഷയങ്ങളും പഠിപ്പിക്കുന്നതിനുള്ള സൗകര്യം ഉണ്ട്. അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ ഏതാണ്ട് പൂർണമായി ഈ സ്കൂളിൽ ലഭ്യമാണ്. മൂന്ന് നിലകളിലായി പുതിയ കെട്ടിടത്തിലാണ് സ്കൂൾ പ്രവർത്തിക്കുന്നത്.

അറക്കുളം വിദ്യാഭ്യാസ ഉപജില്ലയിൽ വളരെ സജീവമായി പ്രവർത്തിക്കുന്ന സ്ഥാപനമാണിത്. മുൻ അധ്യായന വർഷങ്ങളിൽ സബ്ജില്ലാ ജില്ലാ തലങ്ങളിൽ

പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ മുൻ നിരയിൽ എത്താൻ ഈ സ്കൂളിന് സ്ഥാപിച്ചു.

## പരിമിതികൾ

ഏകദേശം 55 വർഷക്കാലത്തെ പ്രവർത്തന ചരിത്രം ഉള്ള ഈ സ്കൂളിന് ഒരു നല്ല കളി സ്ഥലത്തി ന്റെ കുറവ് ഉണ്ട്. പ്രവർത്തനസജ്ജമായ കമ്പ്യൂട്ടർ ലാബ് ഉണ്ടെങ്കിലും സയൻസ്, സോഷ്യൽ സയൻസ് , കണക്ക് എന്ന വിഷയങ്ങൾക്ക് സജ്ജീകൃതമായ ലാബുകൾ ഇല്ലാത്തത് ഒരു പോരായ്മ തന്നെയാണ്.

## പൊതുലക്ഷ്യങ്ങൾ

👉 സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികളും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചുവെന്ന് ഉറപ്പുവരുത്തുക.

👉 കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവുകൾ പരമാവധി പ്രോത്സാഹിപ്പിച്ച് സംസ്ഥാന ദേശീയതലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുക.

👉 പഠന പിന്നോക്കക്കാരെ കണ്ടെത്തുകയും ആവശ്യമായ പരിഹാര ബോധനം നടത്തി പഠനപ്രക്രിയയുടെ മുഖ്യധാരയിലേക്ക് അവരെ എത്തിക്കുക.

👉 സവിശേഷ കഴിവുള്ളവരെ കണ്ടെത്തുകയും അവരുടെ സർഗ്ഗപ്രതിഭയ്ക്ക് അനുയോജ്യമായ പഠനപ്രക്രിയകളിലൂടെ ദേശീയ അന്തർദേശീയ തലങ്ങളിൽ എത്തിക്കുക.

👉 പ്രവർത്തന പദ്ധതികളുടെ സമയബന്ധിതമായ ആസൂത്രണം.

👉 ലക്ഷ്യം നേടി എന്ന് ഉറപ്പാക്കൽ.

👉 സമയബന്ധിതമായ, ഫലപ്രദമായ വിലയിരുത്തലുകൾ നടത്തുക.

മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ.

1. അക്കാദമികം

- ഭാഷാശേഷിവികസനം
- ഗണിതശേഷിവികസനം
- ഇംഗ്ലീഷ് പഠനപരിപോഷണം
- ശാസ്ത്ര പോഷണ പരിപാടി
- വായനാ പരിപോഷണം
- ലൈബ്രറി ശാക്തീകരണം
- പ്രതിഭാ പോഷണപരിപാടി
- ജൈവവൈവിധ്യ പാർക്ക്
- സാഹിത്യ പോഷണ പരിപാടി
- പഠനയാത്രകൾ
- സെമിനാറുകൾ
- കലാകായിക മേള

- ഐടി പരിശീലനം
- ക്ലാസ് പി ടി എ സജീവമാക്കൽ
- സ്കൂൾ മാസിക
- സ്കൂൾ പത്രം
- പ്രവർത്തിപരിചയം
- മികവുത്സവം

2. സാമൂഹികം

- ❖ പി.ടി.എ ശക്തിപ്പെടുത്തൽ
- ❖ വിദ്യാലയ വികസന സമിതി
- ❖ ഭവന സന്ദർശനം
- ❖ പ്രാദേശിക പി.ടി.എ.
- ❖ വിദ്യാലയ മികവുകൾ പൊതുസമൂഹമായി പങ്കിടൽ

3. ഭൗതികം

- കളിസ്ഥലം
- ചിൽഡ്രൻസ് പാർക്ക്
- ഡൈനിങ് ഹാൾ
- അസംബ്ലി ഹാൾ
- മാലിന്യ സംസ്കരണം
- ലബോറട്ടറി

## പ്രധാന നേട്ടങ്ങൾ

### ഉപജില്ലാ മത്സരത്തിലെ നേട്ടങ്ങൾ

കായിക മേള - ഓവറോൾ ഫസ്റ്റ്

ഐ.ടി മേള - ഓവറോൾ ഫസ്റ്റ്

കലാമേള - ഓവറോൾ ഫസ്റ്റ്

ശാസ്ത്രമേള - ഓവറോൾ ഫസ്റ്റ്

സാമൂഹിക ശാസ്ത്രമേള - ഓവറോൾ ഫസ്റ്റ്

സംസ്കൃതമേള - ഓവറോൾ ഫസ്റ്റ്

പ്രവൃത്തി പരിചയമേള - ഓവറോൾ ഫസ്റ്റ്

ഗണിതമേള - ഫസ്റ്റ് റണ്ണറപ്പ്

## ENGLISH

### പ്രവർത്തനം 1

പ്രവർത്തനത്തിന്റെ പേര് - ഇംഗ്ലീഷ് അസംബ്ലി

ഉപമേഖല - ഇംഗ്ലീഷ് ഭാഷ പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും ഉള്ള ശേഷി വികസിപ്പിക്കുക. | ആഴ്ചയിൽ രണ്ട് ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ പരിപാടികൾ ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. ഓരോ ക്ലാസുകൾക്കും ചുമതല മാറിമാറി നൽകുന്നു. | ആഴ്ചയിൽ രണ്ട് ദിവസം. | ക്ലാസ് ടീച്ചർ, ക്ലാസ് ലീഡർ. |

## പ്രവർത്തനം 2

പ്രവർത്തനത്തിന്റെ പേര് - ഇംഗ്ലീഷ് ബുള്ളറ്റിൻ.

ഉപമേഖല - ഇംഗ്ലീഷ് സർഗാത്മക രചന.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഇംഗ്ലീഷിൽ സർഗാത്മക രചന നടത്തുന്നതിനുള്ള ശേഷി കൈവരിക്കൽ | ഓരോ മാസവും ഏതെങ്കിലും ഒരു വിഷയം കേന്ദ്രീകരിച്ച് ബുള്ളറ്റിൻ തയ്യാറാക്കൽ<br>ഉദാഹരണം<br>June : Monsoon<br>July : Population<br>August : Freedom<br>Sept. : Onam | പ്രതി മാസ പരി പാടി | ഇംഗ്ലീഷ് അധ്യാ പകർ. |

## പ്രവർത്തനം 3

പ്രവർത്തനത്തിന്റെ പേര് - ഇംഗ്ലീഷ് കോർണർ.

ഉപമേഖല - ഇംഗ്ലീഷ് പഠനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഇംഗ്ലീഷ് പഠനാന്ത രീക്ഷം സൃഷ്ടി ക്കുക | ക്ലാസ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ. കുട്ടികൾക്ക് കാണാവുന്ന വിധത്തിൽ പൊതുസ്ഥലത്ത് ഭിത്തിയിൽ വാർത്തകൾ പ്രദർശിപ്പിക്കുക. | പ്രതി മാസ പരി പാടി | ഇംഗ്ലീഷ് ക്ലബ്ബ് |

## പ്രവർത്തനം 4.

പ്രവർത്തനത്തിന്റെ പേര് - പ്രസംഗ തർജ്ജമ.

ഉപമേഖല - ഇംഗ്ലീഷ് ഭാഷ പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| തൽസമയ വിവർത്തന പാടവം നേടൽ | മലയാളത്തിൽ തയ്യാറാക്കിയ പ്രസംഗം ഒരാൾ അവതരിപ്പിക്കുന്നു . ഇംഗ്ലീഷ് ദ്വിഭാഷി ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തുന്നു | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് |

## പ്രവർത്തനം 5

പ്രവർത്തനത്തിന്റെ പേര് - ഗ്രന്ഥശാല ശാക്തീകരണം

ഉപമേഖല - ഭാഷാശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടാൻ അവസരം ഒരുക്കൽ | ലൈബ്രറിയിലേക്ക് കൂടുതൽ പുസ്തകങ്ങൾ ശേഖരിക്കുന്നു. പുസ്തകങ്ങൾ വർഗീകരിച്ച് ക്രമീകരിക്കുന്നു. | എച്ച്.എം, പി. ടി.എ , ലൈബ്രറിയൻ | ഇംഗ്ലീഷ് ക്ലബ്ബ് | 2000 രൂപ സ്പോൺസർഷിപ്പ് |

# MALAYALAM

പ്രവർത്തനത്തിന്റെ പേര് - നാടക കളരി

ഉപമേഖല - ഭാഷ ശേഷികളുടെ വികസനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഒരു സാഹിത്യരൂപത്തെ മറ്റൊരു രൂപത്തിലേക്ക് മാറ്റൽ | പരിചയപ്പെട്ടിട്ടുള്ള ബാലസാഹിത്യ നോവലുകൾ ചെറുകഥകൾ എന്നിവയുടെ നാടകാവിഷ്കരണം . | പ്രതിമാസ പരിപാടി | ആർട്സ് ക്ലബ് |

**പ്രവർത്തനം- 2**
**പ്രവർത്തനത്തിന്റെ പേര് - 100 കവിതകൾ 100 കവികൾ**
**മേഖല - അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കവികളെയും കൃതികളെയും പരിചയപ്പെടാൻ അവസരമൊരുക്കൽ | 100 കുട്ടികൾക്ക് 100 കവികളുടെ പേരുകൾ നൽകുന്നു. ഓരോ കുട്ടിയും അവർക്ക് ലഭിച്ചിരിക്കുന്ന കവിയുടെ ഒരു കവിതയും കവിയുടെ ലഘുജീവചരിത്രം തയ്യാറാക്കുന്നു. പുസ്തക രൂപത്തിൽ ഇത് പ്രസിദ്ധീകരിക്കുന്നു | വർഷത്തിൽ ഒരു പ്രാവശ്യം | SRG, PTA |

# ഗണിതം .

പ്രവർത്തനം 1

പ്രവർത്തനത്തിന്റെ പേര് - ഗണിത ലാബ് സജ്ജീകരിക്കൽ

ഉപമേഖല - അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ. ലാബിൽ വച്ച് ഗണിത ക്ലാസ്സ് നടത്തൽ. | ആവശ്യാനുസരണം | എസ് ആർ ജി, ഗണിത ക്ലബ്ബ് |

പ്രവർത്തനം 2

പ്രവർത്തനത്തിന്റെ പേര് - ഒറിഗാമി ശിൽപ്പശാല

ഉപമേഖല - ഗണിത ശേഷികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| രസകരമായ ഗണിതശാസ്ത്ര പഠനവും കരചലനശേഷികളുടെ വികാസവും. | ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. | വർഷത്തിൽ ഒരു പ്രാവശ്യം | എസ് ആർ ജി | 1000/- |

# സയൻസ്

പ്രവർത്തനം 1

പ്രവർത്തനത്തിന്റെ പേര് - ശാസ്ത്ര ലാബ് നവീകരിക്കൽ

ഉപമേഖല - അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ശാസ്ത്ര ലാബിനെ സജ്ജീകരിക്കൽ | സയൻസ് ലാബിലെ വിവിധ ഉപകരണങ്ങളും രാസവസ്തുക്കളും ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിങ്ങനെ ഇനം തിരിച്ച് ക്രമീകരിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ്ബ് |

പ്രവർത്തനം 2

പ്രവർത്തനത്തിന്റെ പേര് -ശാസ്ത്ര പോഷണ പരിപാടി.

ഉപമേഖല - അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രീയ മനോഭാവം | ശാസ്ത്രത്തിന്റെ രീതി, ശാസ്ത്രത്തിന്റെ അനിവാര്യത, ശാസ്ത്രം ജനനന്മയ്ക്ക് എന്നിവ കേന്ദ്രീകരിച്ചുള്ള ക്ലാസുകൾ | പ്രതിമാസ പരി | സയൻസ് ക്ലബ്ബ് | 1000/- |

| | | | | |
|---|---|---|---|---|
| രൂപപ്പെടുത്തൽ | സംവാദങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കൽ. | പാടി | | |

**പ്രവർത്തനം 3**

**പ്രവർത്തനത്തിന്റെ പേര് - ശാസ്ത്ര മാജിക്**

**മേഖല - അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുക | ശാസ്ത്ര തത്വങ്ങൾ എളുപ്പം മനസിലാക്കുവാൻ ഉപകരിക്കുന്ന രസകരമായ ലഘു പരീക്ഷണങ്ങൾ കുട്ടികൾ തന്നെ അവതരിപ്പിക്കുന്നു. അവയുടെ പ്രവർത്തന ക്രമം ചിത്രം സഹിതം ബുക്കിൽ വരച്ച് രേഖപ്പെടുത്തുന്നു | മാസത്തിൽ രണ്ടു പ്രാവശ്യം | സയൻസ് ക്ലബ് |

# <u>ഗണിതം</u>

പ്രവർത്തനം 1

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത മാസിക തയ്യാറാക്കൽ. ഗണിതവു | ഗണിതവുമായി ബന്ധപ്പെട്ട കുട്ടികളുടെ കണ്ടെത്തലുകൾ അവർ | | ഗണിത ക്ലബ്ബ് മോണിറ്ററിംഗ് - ഗണിത | 100 |

| | | | | |
|---|---|---|---|---|
| മായി ബന്ധപ്പെട്ട കുട്ടികളുടെ കഴിവുകളെ പരിപോഷിപ്പിക്കുക | ശേഖരിക്കുന്ന അറിവുകൾ, ചിത്രങ്ങൾ തുടങ്ങിയവയുടെ പ്രസിദ്ധീകരണം. കാലം - വർഷത്തിൽ ഒരു പ്രാവശ്യം | | അധ്യാപിക | |

ഉപമേഖല - അക്കാദമികം,ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത മാസിക തയ്യാറാക്കൽ. ഗണിതവുമായി ബന്ധപ്പെട്ട കുട്ടികളുടെ കഴിവുകളെ പരിപോഷിപ്പിക്കുക | ഗണിതവുമായി ബന്ധപ്പെട്ട കുട്ടികളുടെ കണ്ടെത്തലുകൾ അവർ ശേഖരിക്കുന്ന അറിവുകൾ, ചിത്രങ്ങൾ തുടങ്ങിയവയുടെ പ്രസിദ്ധീകരണം. കാലം - വർഷത്തിൽ ഒരു | | ഗണിത ക്ലബ്ബ് മോണിറ്ററിംഗ് - ഗണിത അധ്യാപിക | 100 |

| | | | | |
|---|---|---|---|---|
| | പ്രാവശ്യം | | | |

പ്രവർത്തനം 2

പ്രവർത്തനത്തിന്റെ പേര് - ഗണിതശാസ്ത്രമേളകൾ

മേഖല - അക്കാദമികം / ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതശാസ്ത്രമേളകളും ഗണിതോത്സവങ്ങളും സംഘടിപ്പിക്കൽ | വർക്കിംഗ് മോഡലുകൾ, സ്റ്റിൽ മോഡലുകൾ തുടങ്ങിയവയുടെ പ്രദർശനം. വിവിധ ചാർട്ടുകളുടെ പ്രദർശനം തുടങ്ങിയവ | ഓരോ വർഷവും | ഗണിത അധ്യാപിക,പിടിഎ, ഗണിത ക്ലബ്ബ് മോണിറ്ററിങ് - എച്ച് എം, എസ് ആർ ജി. സാമ്പത്തിക വിശകലനം | 2000/- |

പ്രവർത്തനം 3

പ്രവർത്തനത്തിന്റെ പേര് - ഗണിത പ്രശ്നോത്തരി

മേഖല - അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് ഗണിതക്രിയകൾ | ഗണിത പുസ്തകങ്ങൾ കൂടുതൽ | വർഷത്തിൽ രണ്ടു | ഗണിത ക്ലബ്ബ് മോണിറ്റ | 500 /- |

| | | | | |
|---|---|---|---|---|
| സമയബന്ധിതമായി ചെയ്യുന്നതിനുള്ള പരിശീലനം നൽകുക | വായിക്കുക. ഗണിത ക്വിസ് മത്സരങ്ങൾ ക്ലാസ് തലത്തിലും തുടർന്ന് സ്കൂൾ തലത്തിലും നടത്തുക | പ്രാവശ്യം | റിംഗ് - ഗണിത അധ്യാപിക | |

## സാമൂഹികശാസ്ത്രം

പ്രവർത്തനം 1

പ്രവർത്തനത്തിന്റെ പേര് - സാമൂഹ്യശാസ്ത്ര ലാബ്

ഉപമേഖല - അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹിക ശാസ്ത്ര പഠനം കൂടുതൽ ശാസ്ത്രീയമാക്കുക | വിദ്യാലയത്തിലെ സൗകര്യപ്രദമായ ഒരു മുറിയിൽ സാമൂഹ്യശാസ്ത്ര ലാബ് ക്രമീകരിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | 5000/- |

പ്രവർത്തനം 2

പ്രവർത്തനത്തിന്റെ പേര് - മോക്ക് പാർലമെന്റ്.

ഉപമേഖല - സാമൂഹികശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|

പ്രവർത്തനം 3

പ്രവർത്തനത്തിന്റെ പേര് - സാമൂഹ്യശാസ്ത്ര ലൈബ്രറി

കോർണർ ഉപമേഖല - സാമൂഹികശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹിക ശാസ്ത്രത്തിന്റെ വിശാലമായ ഭൂമിയിലേക്ക് പ്രവേശിപ്പിക്കൽ | അധികവായനയ്ക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ, അറ്റ്ലസുകൾ, ഇയർ ബുക്കുകൾ എന്നിവ ക്രമീകരിച്ച സാമൂഹ്യശാസ്ത്ര വായന കോർണർ ഒരിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സാമൂഹിക ശാ സ്ത്ര ക്ലബ് | 5000/- |

# കായിക വിദ്യാഭ്യാസം

പ്രവർത്തനം 1

പ്രവർത്തനത്തിന്റെ പേര്- കായികതാരങ്ങൾക്ക് സമ്മാനങ്ങൾ

പ്രവർത്തനം 2

പ്രവർത്തനത്തിന്റെ പേര് - പച്ചക്കറി തോട്ടം

മേഖല - അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് | വർഷത്തിൽ ഒരു | എസ് ആർ ജി,പി | സാമ്പത്തിക വിശകലനം 15,000 രൂപ |

| | | | | |
|---|---|---|---|---|
| | ആകർഷകമായ വിധത്തിൽ പച്ചക്കറിത്തോട്ടം ഉണ്ടാക്കൽ. | പ്രാവശ്യം | ടിഎ) | കൃഷിവകുപ്പ് . |

ഉപമേഖല - കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമ്മാനം നൽകി ആദരിക്കൽ | സ്കൂൾതലം, ഉപജില്ലാതലം, ജില്ലാതലം വിജയികൾക്ക് ക്യാഷ് അവാർഡും മെമെന്റോയും നൽകൽ. | ഓരോ തലത്തിലേയും മത്സരങ്ങൾക്ക് ശേഷം | എച്ച് എം, കായികാധ്യാപകൻ | 5000 രൂപ സ്പോൺസർഷിപ്പ്. |

പ്രവർത്തനത്തിന്റെ പേര് - മെഡിക്കൽ ക്യാമ്പ്

മേഖല - അക്കാദമികം ലക്ഷ്യം -.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ആരോഗ്യമുള്ള സമൂഹത്തെ രൂപപ്പെടുത്തൽ. | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾക്കും രക്ഷിതാക്കൾക്കും സമഗ്രമായ വൈദ്യ പരിശോധന നടത്തൽ. | വർഷത്തിൽ ഒരു പ്രാവശ്യം | എച്ച് എം, പി ടി എ | 10000/- |

പ്രവർത്തനത്തിന്റെ പേര് -ക്ലാസ് പിടിഎ സജീവമാക്കൽ

മേഖല - അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|

പ്രവർത്തനം 15

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ വിധത്തിൽ പച്ചക്കറിത്തോട്ടം ഉണ്ടാക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | എസ് ആർ ജി,പി ടിഎ | സാമ്പത്തിക വിശകലനം 15,000 രൂപ കൃഷിവകുപ്പ് . |

പ്രവർത്തനം 4

പ്രവർത്തനത്തിന്റെ പേര് - ബുള്ളറ്റിൻ ബോർഡ്

ഉപമേഖല - സാമൂഹികശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹികശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ | വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളും വായിക്കുവാൻ സൗകര്യപ്രദമായ ഒരിടത്ത് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും എല്ലാ ദിവസത്തെയും പ്രധാന വാർത്തകൾ പ്രദർശിപ്പിക്കുകയും ചെയ്യൽ | എല്ലാ പ്രവർത്തി ദിവസങ്ങളിലും | സാമൂഹിക ശാസ്ത്ര ക്ലബ്ബ് | 2000/- |

## *ഹിന്ദി*

പ്രവർത്തനത്തിന്റെ പേര് - രാഷ്ട്രഭാഷ ശ്രേഷ്ഠ ഭാഷ.

ഉപമേഖല - ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഹിന്ദി പഠനം കാര്യക്ഷമമാക്കൽ | ഹിന്ദിയിൽ വിവിധ പതിപ്പുകൾ തയ്യാറാക്കൽ, നാടകീ കരണം, ഹിന്ദി ബുള്ളറ്റിൻ പ്രസിദ്ധീകരിക്കൽ | മാസത്തിൽ ഒന്ന് വീതം | ഹിന്ദി അധ്യാപകൻ | 5000/- |

**പ്രവർത്തനം 1**
**പ്രവർത്തനത്തിന്റെ പേര് - ഹിന്ദി അസംബ്ലി**
**ഉപമേഖല - ഹിന്ദി ഭാഷാ പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കുട്ടികൾക്ക് ഹിന്ദിയിലുള്ള അറിവ് വളർത്തുക, എല്ലാവരും വായിക്കാനും എഴുതാനും പഠിക്കുക | ആഴ്ചയിൽ ഒരു ദിവസം ഹിന്ദി അസംബ്ലി നടത്തുന്നു. പ്രസംഗം, ക്വിസ്, മഹത് വചനങ്ങൾ എന്നിവ ഹിന്ദിയിൽ അവതരിപ്പിക്കുന്നു. മാറി മാറി ചുമതല ഓരോ ക്ലാസുകാർക്കും നല്കുന്നു | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ, ഹിന്ദി അധ്യാപകർ |

**പ്രവർത്തനം 2**
**പ്രവർത്തനത്തിന്റെ പേര് - കേട്ടെഴുത്ത്**
**ഉപമേഖല - ഹിന്ദി ഭാഷാ പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| പദങ്ങൾ പരിചയപ്പെടാൻ, അക്ഷരതെററ് ഒഴിവാക്കാൻ, ഓർമ്മ പുതുക്കാൻ, എഴുത്ത് | പാഠപുസ്തകത്തിലെ വാക്കുകൾ എല്ലാ ദിവസം കേട്ടെഴുത്ത് ഇടുക. തെറ്റിയ വാക്കുകളുടെ ശരിയായ രീതി മനസിലാക്കുക. മുഴുവൻ ശരിയായ വർക്ക് പ്രോത്സാഹന സമ്മാനം കൊടുക | ഒരു വർഷം | ഹിന്ദി അധ്യാപകർ, രക്ഷിതാക്കൾ |

| | | | |
|---|---|---|---|
| പ്രോത്സാഹിപ്പിക്കാൻ | | | |

**പ്രവർത്തനം 3**
**പ്രവർത്തനത്തിന്റെ പേര് - ഭാഷാ ഗെയിം**
**ഉപമേഖല - ഹിന്ദി ഭാഷാ പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | മോനിട്ടറിംഗ് |
|---|---|---|---|---|
| കളികളിൽ കൂടി ഭാഷ പഠിക്കുക | ഹിന്ദി അക്ഷരങ്ങൾ ഉപയോഗിച്ച് കൂടുതൽ വാക്കുകൾ നിർമ്മിക്കുക. പദപ്രശ്നം പോലുള്ള പ്രവർത്തനങ്ങൾ ചെയ്യുക | ഒരു വർഷം | ഹിന്ദിയിൽ പ്രാവീണ്യമുള്ള കുട്ടികൾ | ഹിന്ദി അധ്യാപകർ |

പ്രവർത്തനത്തിന്റെ പേര് - മാലിന്യ സംസ്കരണം
മേഖല - ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വമുള്ള അന്തരീക്ഷം ഒരുക്കൽ | ജൈവ മാലിന്യങ്ങളും അജൈവ മാലിന്യങ്ങളും സംസ്കരിക്കുന്നതിനുള്ള ക്രമീകരണം സൗകര്യപ്രദമായ സ്ഥലത്ത് ഒരുക്കൽ | വർഷത്തിൽ 1 പ്രാവശ്യം | എസ്.എസ്.ജി | 10000 /- PTA |

പ്രവർത്തനത്തിന്റെ പേര് - ശാരീരിക വ്യായാമം
മേഖല - ശാരീരികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ ശാരീരിക മാനസിക ഉന്നമനം | മുഴുവൻ കുട്ടികളുടേയും മാനസിക ശാരീരിക ആരോഗ്യം പരിരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ കരാട്ടേ , ഡാൻസ്, സുംബ ഡാൻസ് എന്നിവയിൽ കുട്ടികൾക്ക് പരിശീലനം നല്കുന്നു | വർഷം മുഴുവൻ | ആട്സ് ക്ലബ് | 20000/- |

**പ്രവർത്തനത്തിന്റെ പേര് - അടുക്കളത്തോട്ട നിർമ്മാണം.**
**മേഖല - സാമൂഹികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ മണ്ണിനോടും കൃഷിയോടും താത്പര്യം വളർത്തൽ | സ്കൂൾ പരിസരത്ത് വിവിധ തരം പച്ചക്കറികൾ അധ്യാപകരും കുട്ടികളും ചേർന്ന് നടുന്നു | വർഷം മുഴുവൻ | നേച്ചർ ക്ലബ്, PTA | 20000 /- PTA |

**പ്രവർത്തനത്തിന്റെ പേര് - കായിക പരിശീലനം**
**ഉപമേഖല - കായിക വിദ്യാഭ്യാസം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കായിക പരിശീലനം | രാവിലേയും വൈകുന്നേരവും | എല്ലാ ദിവസവും രാവിലേയും | അധ്യാപകർ, രക്ഷിതാ | 25000/-, PTA, അധ്യാപകർ |

| | | | | |
|---|---|---|---|---|
| കാര്യക്ഷമ മാക്കൽ | കുട്ടികൾക്ക് പരിശീലനം നല്കുന്നു | വൈകുന്നേര വും | ക്കൾ | |

**പ്രവർത്തനത്തിന്റെ പേര് - ക്ലാസ് PTA സജീവമാക്കൽ**
**മേഖല - അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തൽ | ക്ലാസ് പിടിഎ കൃത്യമായ അജണ്ട വച്ച് പ്രതിമാസം ചേരൽ. പഠന പുരോഗതി പരിശോധിക്കൽ, മികവുകളുടെ അവതരണം, പൊതു ചർച്ച | പ്രതിമാസ പരിപാടി | ക്ലാസ് ടീച്ചർ |

**പ്രവർത്തനത്തിന്റെ പേര് - പ്രാദേശിക പി.ടി.എ) യോഗങ്ങൾ**
**മേഖല - സാമൂഹികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ പങ്കാളി ത്തം ഉറപ്പാക്കൽ | വിദ്യാലയത്തിന്റെ പരിസരം വിവിധ മേഖലകളായി തിരിച്ച് രക്ഷിതാക്കൾക്ക് സൗകര്യപ്രദമായ സ്ഥലത്ത് പി.ടി.എ) യോഗങ്ങൾ ചേരൽ | വർഷ ത്തിൽ രണ്ടു പ്രാവ ശ്യം | SRG SSG | 10000 /- PTA |

**പ്രവർത്തനത്തിന്റെ പേര് - പോഷകാഹാരപരിപാടി**
**മേഖല - അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം | ആഴ്ചയിലെ എല്ലാ ദിവസവും വ്യത്യസ്തമായ മെനു വച്ച് പോഷക സമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ | എല്ലാ പ്രവർത്തി ദിവസങ്ങളിലും | ഉച്ചഭക്ഷണ ചുമതലയുള്ള അധ്യാപകന് , എച്ച്. എം, പി. ടി.എ |

## പ്രവർത്തനത്തിന്റെ പേര് - ചരിത്ര കലണ്ടർ
## മേഖല - അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ചരിത്ര ബോധം വളർത്തിയെടുക്കൽ | 12 വലിയ ചാർട്ടു പേപ്പറുകളിൽ ജനുവരി മുതൽ ഡിസംബർ വരെയുള്ള 12 മാസങ്ങളിലെ മുഴുവൻ തിയതികളും എഴുതി കലണ്ടർ രൂപത്തിൽ തയ്യാറാക്കുക. ചരിത്രവുമായി ബന്ധപ്പെട്ട് ഓരോ ദിവസവും വരുന്ന വാർത്തകൾ നിശ്ചിത തിയതിക്ക് താഴെ ഒട്ടിക്കുക. ഒരു വർഷം കഴിയുമ്പോൾ ചരിത്ര കലണ്ടർ രൂപപ്പെടും | പ്രതിദിനം | SRG |

## പ്രവർത്തനത്തിന്റെ പേര് - ഫാസ്റ്റ് ഫുഡ് - ഫാസ്റ്റ് ടു ഡെത്ത്
## മേഖല - അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഫാസ്റ്റ് ഫുഡിന്റെ ഗുണദോഷങ്ങളെക്കുറിച്ച് നിഗമനങ്ങൾ രൂപപ്പെടുത്തൽ | കടകളിൽ നിന്നും വാങ്ങുന്നതും വീട്ടിൽ ഉണ്ടാക്കുന്നതുമായ വിവിധ ഫാസ്റ്റ് ഫുഡുകൾ പട്ടികപെടുത്തുന്നു. ഓരോന്നിലും ചേർക്കുന്ന വസ്തുക്കൾ ഉൾപ്പെടുത്തി | വർഷത്തിൽ ഒരു പ്രാവശ്യം | SRG |

| | | | |
|---|---|---|---|
| | പതിപ്പ് തയ്യാറാക്കൽ | | |

പ്രവർത്തനത്തിന്റെ പേര് - മേളകൾ

ഉപമേഖല - അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കുക | സ്കൂൾതല ശാസ്ത്രമേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ. ഉപജില്ലാതലത്തിൽ പരമാവധി പങ്കാളിത്തം | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ്ബ് | 10000/- |

**പ്രവർത്തനത്തിന്റെ പേര് - നാടൻ ഫുഡ് ഫെസ്റ്റ്**
**മേഖല - അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|

| | | | |
|---|---|---|---|
| നാടൻ ഭക്ഷണങ്ങളെ ക്കുറിച്ച് കുട്ടികളെ അറിവുള്ള വരാക്കാൻ | കുട്ടികൾ തങ്ങളുടെ വീടുകളിൽ ഉണ്ടാക്കുന്ന നാടൻ ഭക്ഷണങ്ങൾ കൊണ്ടുവന്ന് സ്കൂളിൽ ഫുഡ് ഫെസ്റ്റ് നടത്തുന്നു. ഉദാ. ആവിയിൽ ഉണ്ടാക്കുന്നത് , ഇലയിൽ ഉണ്ടാക്കുന്നത് , എണ്ണയിൽ ഉണ്ടാക്കുന്നത് | വർഷ ത്തിൽ ഒരു പ്രാവ ശ്യം | അധ്യാ പകർ, PTA |

**പ്രവർത്തനം - 39**
**പ്രവർത്തനത്തിന്റെ പേര് - പൊതു വിജ്ഞാനം**
**മേഖല - അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടിക ളെ വിവിധ മത്സര പരീക്ഷ കൾക്ക് സജ്ജരാ ക്കുക | വിവിധ വിഷയങ്ങളെ അടിസ്ഥാനമാക്കി കുട്ടികൾക്ക് one word questions നല്കുന്നു. കുട്ടികൾ അവ GK ബുക്കിൽ കൃത്യമായി എഴുതുന്നു. എല്ലാ മാസവും GK പരീക്ഷ നടത്തി വിജയികളെ കണ്ടെത്തി സമ്മാനം നല്കുന്നു | എല്ലാ മാസ വും | അധ്യാ പകർ | 10000 /- |

**പ്രവർത്തനം 39**
**പ്രവർത്തനത്തിന്റെ പേര് - വാർത്താ ബുക്ക്**
**മേഖല - അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| നിരീക്ഷണ പാടവം വളർത്തൽ | കുട്ടികൾ സ്കൂൾ , വീട്, യാത്ര ചെയ്യുന്ന വഴികൾ എന്നിവയിൽ കണ്ടെത്തുന്ന വാർത്താ പ്രാധാന്യമുള്ള കാര്യങ്ങൾ വാർത്താ ബുക്കിൽ എഴുതുന്നു. അധ്യാപകർ ഇത് വിലയിരുത്തുന്നു | ഒരു വർഷം | ക്ലാസ് ടീച്ചേഴ്സ് |

## ഉപസംഹാരം

മനുഷ്യനെ മനുഷ്യത്വമുള്ളവനാക്കുന്ന മഹാപ്രക്യയയായ വിദ്യാഭ്യാസ രംഗത്തെ സ്വകാര്യവത്കരണം ഇപ്പോൾതന്നെദൂരവ്യപകമായ ദോഷഫലങ്ങൾ സൃഷ്ടിച്ചുകൊ ിരിക്കുകയാണ്. ഇ കെടുതികൾക്ക് സമഗ്രവും ശാസ്ത്രീയവും സ്ഥായിയായതുമായ ബദലുകൾ സൃഷ്ടിക്കുന്നതിനുള്ള കർമ്മപദ്ധതിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം. അതിനാൽ കേരളത്തിന്റെ നവോദ്ധാന മൂല്യങ്ങൾ സംരക്ഷിക്കപ്പെടണം എന്നാഗ്രഹിക്കുന്ന ഓരോരുത്തരുടേയും കടമയാണ് ഈ യജ്ഞത്തിൽ പങ്കാളികളാവുക എന്നുള്ളത്. നാട്യങ്ങൾ ഏതുമില്ലാതെ നന്മകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകവും മാതൃത്വവും കാത്തുസൂക്ഷിക്കുന്നതിനും കൂടുതൽ സംമ്പുഷ്ടമാക്കുന്നതിനും ഈ വികസരരേഖ ഉപകരിക്കുമെന്ന് സവിനയം പ്തീക്ഷിക്കുന്നു.